<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2681

06/11/2019 ൽ മറുപടിക്ക്

# <u>വീരശൈവ വിഭാഗത്തിന് ഒ. ബി. സി. ജാതി സർട്ടിഫിക്കറ്റ്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | എ. കെ. ബാലൻ<br>(പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | പാലക്കാട് ജില്ലയിൽ പാരമ്പര്യമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച വീരശൈവ വിഭാഗത്തിന് 1996 -ന് ശേഷം ജാതി സർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകുമ്പോൾ മേൽ പറഞ്ഞ വിഭാഗങ്ങൾ റവന്യൂ മാന്വലിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പറഞ്ഞ് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള വീരശൈവ വിഭാഗം സംസ്ഥാന ഒ.ബി.സി പട്ടികയിൽ ക്രമനമ്പർ. 73 ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതോടൊപ്പം യോഗീസ്, യോഗീശ്വര, പൂപ്പണ്ടാരം/മലപ്പണ്ടാരം, ജംഗം, പണ്ടാരം എന്നീ വിഭാഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. റവന്യൂ മാന്വലിന്റെ അടിസ്ഥാനത്തിലല്ല സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ടത്. KS&SSR Part ലിസ്റ്റ് - 3 ൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്കാണ് സംസ്ഥാനത്തെ ഒ. ബി. സി. സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത് . |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് ഒ. ബി. സി. സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | വീരശൈവ വിഭാഗത്തിന് നിലവിൽ ഒ.ബി.സി സർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ